"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - അയ്യപ്പൻകോവിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനിമോൾ (ഓമന) നന്ദകുമാർ വാർഡ് മെമ്പർമാരായ ശ്രീമതി നിഷാ ബിനോജ്, ശ്രീമതി ജസ്മോൾ ജോൺസൺ എന്നിവർ തൊഴിലുറപ്പ് ജോലി ചെയ്യാതെ വേതനം കൈപ്പറ്റിയതായുള്ള റിപ്പോർട്ട് - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2014/2025/LSGD തീയതി,തിരുവനന്തപുരം, 14-08-2025

---

പരാമർശം:-

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, (കേരളം) മിഷൻ ഡയറക്ടറുടെ 27.11.2023 തീയതിയിലെ NREGA/205/2023-B1 നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2025 തീയതിയിലെ LSGD/101/2024-VIGE6 നമ്പർ കത്ത്.
3. സർക്കുലർ നം. ഡി.ഡി.2/128/2023/ത.സ്വ.ഭ.വ, തീയതി 20.09.2023.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ല അയ്യപ്പൻകോവിൽ പഞ്ചായത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് പ്രകാരമുള്ള അപാകതകൾക്ക് ഉത്തരവാദികളായ അയ്യപ്പൻകോവിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനിമോൾ (ഓമന) നന്ദകുമാർ ഒരു ദിവസത്തെ വേതനമായ 291/- രൂപയും വാർഡ് മെമ്പർമാരായ ശ്രീമതി നിഷാ ബിനോജ് 6 ദിവസത്തെ വേതനമായ 1746/- രൂപയും ശ്രീമതി ജസ്മോൾ ജോൺസൺ 4 ദിവസത്തെ വേതനമായ 1164/- രൂപയും തൊഴിലുറപ്പ് ജോലി ചെയ്യാതെ കൈപ്പറ്റിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ ഇവരിൽ നിന്നും ആകെ തുകയായ 3201/- രൂപ സംസ്ഥാന മിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ശ്രീമതി മിനിമോൾ (ഓമന)

നന്ദകുമാർ, മെമ്പർമാരായ ശ്രീമതി നിഷ ബിനോജ്, ശ്രീമതി ജസ്മോൾ ജോൺസൺ തുടങ്ങിയവർ സത്യപ്രതിജ്ഞാ ദിനത്തിലും തൊഴിലുറപ്പ് പ്രവൃത്തികളിൽ പങ്കെടുത്തതായി വ്യാജരേഖ ഉണ്ടാക്കിയെന്നതും പ്രതിഫലം കൈപ്പറ്റിയെന്നതും ജനാധിപത്യ മൂല്യങ്ങളുടെ ഗുരുതരമായ ലംഘനവും അധികാരദുർവിനിയോഗവുമാണെന്ന് പരാമർശം -1 പ്രകാരം മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. ശ്രീമതി മിനിമോൾ (ഓമന) നന്ദകുമാർ, ശ്രീമതി നിഷാ ബിനോജ്, ശ്രീമതി ജസ്മോൾ ജോൺസൺ എന്നിവർ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനർഹമായി കൈപ്പറ്റിയ വേതനം പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്നും എന്നിരുന്നാലും ജനപ്രതിനിധികൾക്കെതിരെ അധികാര ദുർവിനിയോഗം നടത്തിയതിനു തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന ശിപാർശ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം - 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പദ്ധതി നിർവ്വഹണം കാര്യക്ഷമവും അഴിമതിരഹിതവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചുമതലപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി തന്നെ ഇത്തരം നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം സംഭവങ്ങൾ സർക്കാർ ഗൗരവബുദ്ധ്യാ പരിശോധിക്കുന്നതും ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയക്കുന്നതുമാണെന്ന് പരാമർശം-3 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം ശ്രീമതി മിനിമോൾ (ഓമന) നന്ദകുമാർ, ശ്രീമതി നിഷാ ബിനോജ്, ശ്രീമതി ജസ്മോൾ ജോൺസൺ എന്നിവർ അധികാര ദുർവിനിയോഗം നടത്തിയതു സംബന്ധിച്ച വിഷയം 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം

കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, (കേരളം).

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/178/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 18-08-2025 12:51:39

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.